# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 882 — 06.06.2018-ലെ മറുപടിയ്ക്ക്

**<u>പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ചികിത്സയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികൾ</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എ.എൻ ഷംസീർ | | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| എ) | പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ ചികിത്സയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ ; | എ) | പട്ടികജാതി വിഭാഗത്തിൽ മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽ പെട്ടവരുമായ 1,00,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 50,000/- രൂപ ചികിത്സാ ധനസഹായമായി അനുവദിക്കുന്നു. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, ഹീമോഫീലിയ മുതലായ ഗുരുതരമായ രോഗം ബാധിച്ചവർക്ക് പരമാവധി 1,00,000/- രൂപ വരെ നൽകുന്നു.<br>• സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യസംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. |

| | | | |
|---|---|---|---|
| | | | ഐ.ടി.ഡിപ്രോജക്ട് ഓഫീസർമാർ /പട്ടികവർഗ്ഗ വികസന ആഫീസർമാർ മുഖേനയും വകുപ്പ് അദ്ധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ ബഹു.വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിവിധ രോഗങ്ങൾക്ക് ധസഹായം അനുവദിച്ച് വരുന്നു.<br>● പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ വകുപ്പിനു കീഴിൽ HLL (Hiindustan Lifecare Limited), KMSCL (Kerala Medical Servies Corporation Limited) മുഖേന വിവിധ ജില്ലകളിലായി 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.<br>● അട്ടപ്പാടി മേഖലയിൽ പോഷകാഹാര കുറവ് മൂലമുള്ള അസുഖങ്ങളുടെ ചികിത്സക്കായി 3 NRC (Nutrition Rehabilitation Centre)കൾ പ്രവർത്തിക്കുന്നു.<br>● സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രതിമാസം 2,500/- രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും, ഗർഭിണികളുടെയും, മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ |

| | | | |
|---|---|---|---|
| | | | സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി പ്രതിമാസം 1,000/- രൂപ വീതം 18 മാസത്തേക്ക് നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു. |
| ബി) | ഈ വിഭാഗക്കാർക്ക് ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ നൽകേണ്ടത് എങ്ങനെയാണെന്നും അതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ ? | ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ചികിത്സാധനസഹായത്തിനായി ഓൺലൈൻ വഴിയാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷകൻ വകുപ്പിന്റെ www.tgrantz.kerala.gov.in എന്ന സൈറ്റിൽ പ്രവേശിച്ച് അപേക്ഷ ഫോം പൂരിപ്പിച്ച ശേഷം ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (ഗുണഭോക്താവിന്റെ) എന്നിവ അപ് ലോഡ് ചെയ്ത് ഓൺലൈൻ വഴി അയയ്ക്കേണ്ടതാണ്.<br>• പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധസഹായം ലഭിക്കുന്നതിനായി അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>• ബഹു.വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.<br>• അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000/- രൂപ വരെ |

| | | | |
|---|---|---|---|
| | | | ധസഹായം അനുവദിക്കുന്നു.<br>• ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ. പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി 1 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച് ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്നു.<br>• മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/- രൂപ വരെ ചികിത്സാ സഹായം അനുവദിക്കുന്നു. |

**സെക്ഷൻ ഓഫീസർ**